(സി) പ്രസ്തുത കോളനികളിൽ വാക്സിനേഷൻ നൽകുന്നതിന് പ്രൊമോട്ടർമാർക്കും ആശാവർക്കർമാർക്കും എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അർഹരായ മുഴുവൻ പേർക്കും വാക്സിൻ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അവർക്കാവശ്യമായ ബോധവൽക്കരണം നൽകി വാക്സിനേഷൻ ക്യാമ്പുകളിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും വാക്സിൻ രജിസ്ട്രേഷനാവശ്യമായ സഹായങ്ങൾ ചെയ്തുനൽകുന്നതിനും പ്രൊമോട്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കോളനികളിലും സമയബന്ധിതമായി എത്തിച്ചേർന്ന് ആരോഗ്യവകുപ്പ് നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയിലുള്ള പട്ടികവർഗ്ഗക്കാരെ വാക്സിനേഷൻ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സെന്ററുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വാഹനത്തിൽ എത്തിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ആദിവാസി മേഖലയിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം

88 (3794) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി മേഖലയിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം നേരിടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് കൈവശമുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കുമോ?

ആദിവാസി മേഖലയിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം നേരിടുന്ന 43952 വിദ്യാർത്ഥികൾ നിലവിലുള്ളതായി കണക്കാക്കിയിട്ടുണ്ട്.

അരുർ മണ്ഡലത്തിലെ പദ്ധതികൾ

89 (3795) ശ്രീമതി ദലീമ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുർ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുവഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly